## പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4121 24.06.2019-ൽ മറുപടിയ്ക്ക്

### ആറന്മുള വാസ്തുവിദ്യാ ഗുരുകുലം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി വീണാ ജോർജ്ജ് : | **ശ്രീ. എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങളിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ; | എ) ആറന്മുളയിലെ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനങ്ങളിൽ ഈ സർക്കാരിന്റെ കാലത്തുണ്ടായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.<br>• ചോർന്നൊലിച്ച് നാശോന്മുഖമായി കിടന്ന ഗുരുകുലം ആസ്ഥാന മന്ദിരം അറ്റകുറ്റപ്പണികൾ നടത്തി മോടിപിടിപ്പിച്ച്, വിനോദ സഞ്ചാര വികസനം, വിപണനം, പൊതുജനാവബോധം എന്നീ ലക്ഷ്യങ്ങൾ കണക്കിലെടുത്ത് മ്യൂറൽ ആർട്ട് ഗ്യാലറി, പാരമ്പര്യ വാസ്തുവിദ്യാ ഗ്യാലറി എന്നിവ സജ്ജീകരിച്ചു.<br>• വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ആസ്ഥാനമന്ദിരത്തോടനുബന്ധിച്ച് പരമ്പരാഗതശൈലിയിൽ പഞ്ചകർമ്മാള പണിശാലകൾ, ചുവർചിത്ര രചനാശാല, ആറന്മുളക്കണ്ണാടി നിർമ്മാണ യൂണിറ്റ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിച്ചു.<br>• സംസ്ഥാനത്തെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, തീർത്ഥാടന കേന്ദ്രങ്ങൾ, നഗരങ്ങൾ എന്നിവിടങ്ങളിൽ വാസ്തുവിദ്യാ ഗുരുകുലത്തിന്റെ സ്റ്റാളുകൾ ആരംഭിക്കുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.<br>• പാരമ്പര്യ വാസ്തു ശാസ്ത്രം, ശാസ്ത്രീയ സംരക്ഷണം, ചുമർ ചിത്രരചന, ദ്രാവിഡ ഭാഷകൾ, പുരാലിഖിത പഠനം (എപ്പിഗ്രാഫി) എന്നിവയിൽ ചുവടെ ചേർക്കുന്ന പുതിയ കോഴ്സുകൾ ആരംഭിച്ചു.<br>a) വെക്കേഷൻ മ്യൂറൽ കോഴ്സ് - നിറച്ചാർത്ത്<br>b) വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാലകോഴ്സ് - വാസ്തുശാസ്ത്ര കോഴ്സ്<br>c) ഡിപ്ലോമ ഇൻ ഇന്ത്യൻ എപ്പിഗ്രാഫി<br>d) എപ്പിഗ്രാഫിയിൽ നാലുമാസ സർട്ടിഫിക്കറ്റ് കോഴ്സ് |

e) ദ്വിവത്സര മ്യൂറൽ പെയിന്റിംഗ് ഡിപ്ലോമ കോഴ്സ്
f) മ്യൂറൽ പെയിന്റിംഗ് - പെൺകുട്ടികൾക്കും, വീട്ടമ്മമാർക്കുമുള്ള നാലുമാസ ഹ്രസ്വകാല കോഴ്സ്.
g) ത്രിവത്സര ദാരുശില്പ കോഴ്സ്.

- പാരമ്പര്യ വാസ്തുവിദ്യാ, ചുമർചിത്രങ്ങൾ എന്നിവ സംബന്ധിച്ച് സംസ്കൃതത്തിലുള്ള ആധികാരിക ഗ്രന്ഥങ്ങൾ മലയാളത്തിലേയ്ക്കും ഇംഗ്ലീഷിലേയ്ക്കും വിവർത്തനം ചെയ്യുന്നതിന് നടപടികൾ കൈക്കൊണ്ടു.
- വാസ്തുവിദ്യാ ഗുരുകുലത്തിൽ നിന്നും വിവിധ കോഴ്സുകൾ പൂർത്തിയായവർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു.
- പാരമ്പര്യ വാസ്തുശാസ്ത്രം, ചുമർചിത്രരചന അനുബന്ധ വിഷയങ്ങൾ, പാരമ്പര്യ കൈത്തൊഴിലുകൾ എന്നിവ സംബന്ധിച്ച് പഠന ഗവേഷണങ്ങൾക്കുള്ള അന്തർദേശീയ നിലവാരത്തിലുള്ള ഒരു ഡീംഡ് യൂണിവേഴ്സിറ്റിയായി വാസ്തുവിദ്യാ ഗുരുകുലത്തെ വികസിപ്പിക്കുന്നതിനുള്ള ഉദ്ദേശലക്ഷ്യങ്ങളോടു കൂടി സമഗ്രമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.
- വാസ്തുവിദ്യാ ഗുരുകുലത്തിലെ സേവനങ്ങൾക്കും കോഴ്സുകൾക്കും ഫീസ് ഒടുക്കുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തി.
- സമ്പൂർണ്ണമായി ഹരിത ചട്ടം പാലിക്കുന്ന ഓഫീസ് ആക്കി.
- ആറന്മുളയിൽ പാരമ്പര്യ വാസ്തുശാസ്ത്രമ്യൂസിയം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.
- വിവിധ സർക്കാർ പദ്ധതികൾ ഏറ്റെടുത്ത് ഡി.പി.ആർ. തയ്യാറാക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള അക്രഡിറ്റഡ് ഏജൻസിയായി വാസ്തുവിദ്യാ ഗുരുകുലത്തിന് അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- വാസ്തുവിദ്യാഗുരുകുലത്തിന് സംസ്ഥാനത്താകമാനം വിവിധ സ്ഥലങ്ങളിൽ പ്രാദേശികകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ മുന്നോടിയായി തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ സ്ഥലങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിന്റെ ഭാഗമായി

| | | | |
|---|---|---|---|
| | | | തിരുവനന്തപുരത്ത് ഒരു ലെയ്സൺ ഓഫീസ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| ബി) | വാസ്തുവിദ്യാ ഗുരുകുലത്തിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റേതല്ലാത്ത ഏതെങ്കിലും ഏജൻസികളുമായോ സ്ഥാപനങ്ങളുമായോ സഹകരണം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | ബി) & സി) | കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ശ്രീ. വിരാട് വിശ്വകർമ്മ എഡ്യൂക്കേഷൻ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ സഹകരണത്തോടുകൂടി അവരുടെ കെട്ടിടങ്ങൾ നിശ്ചിതകാലത്തേയ്ക്ക് വാടകയില്ലാതെ ലഭ്യമാക്കി വാസ്തുവിദ്യാ ഗുരുകുലത്തിന്റെ നിർദ്ദിഷ്ട കാസർഗോഡ് സബ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) | നിലവിൽ അങ്ങനെയുള്ള സർക്കാരിതര ഏജൻസികൾ, സ്ഥാപനങ്ങൾ, സൊസൈറ്റികൾ ഇവയുമായി സഹകരണമോ യോജിച്ചുള്ള പ്രവർത്തനമോ ഉണ്ടോ; വ്യക്തമാക്കുമോ? | | |

**സെക്ഷൻ ഓഫീസർ**